**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1797** **20-06-2024 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാലയിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാലയിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് പരമാവധി അഞ്ചുവർഷം കഴിഞ്ഞിട്ടും ഹോസ്റ്റൽ സൗകര്യം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സർവ്വകലാശാലയിൽ ഗവേഷക വിദ്യാർത്ഥികൾക്ക് നിലവിൽ 5 വർഷമാണ് ഹോസ്റ്റൽ സൗകര്യം അനുവദിച്ചിട്ടുള്ളത്. നിലവിൽ സിൻഡിക്കേറ്റ് തീരുമാനപ്രകാരം 5 വർഷം പൂർത്തിയാക്കി പ്രീ-സബ്മിഷൻ സെമിനാർ കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഫൈനൽ സബ്മിഷൻ സമർപ്പിക്കാനായി ആറ് മാസം വരെ നീട്ടിനൽകിയിട്ടുണ്ട്. |
| (ബി) | അത്തരത്തിൽ അഞ്ചുവർഷം കഴിഞ്ഞിട്ടും എത്ര വിദ്യാർത്ഥികൾ ഇപ്പോൾ ഹോസ്റ്റലിൽ താമസിക്കുന്നുണ്ട്; | (ബി) | 18 വിദ്യാർത്ഥികൾ |
| (സി) | അഞ്ചുവർഷം കഴിഞ്ഞ ഗവേഷകരെ ഗവേഷണം പൂർത്തിയായില്ലെങ്കിലും ഹോസ്റ്റൽ മുറി ഒഴിപ്പിച്ച് പുതുതായി ഗവേഷണം ചെയ്യുവാൻ വന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് താമസിക്കുവാൻ സൗകര്യം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ 5 വർഷം പൂർത്തിയാക്കിയിട്ടും ഹോസ്റ്റൽ മുറി ഒഴിയാത്ത വിദ്യാർത്ഥികളെ ഉടൻ തന്നെ ഒഴിപ്പിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഹോസ്റ്റൽ വാർഡന് സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ